**മധുരമായ കുട്ടികളേ - പദവിയോടുകൂടി പാസ്സാകണമെങ്കിൽ ബുദ്ധിയോഗം അൽപം പോലും എവിടെയും അലയരുത്, ഒരു ബാബയുടെ ഓർമ്മയുണ്ടായിരിക്കണം. ദേഹത്തെ ഓർമ്മിക്കുന്നവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല.**

**ചോദ്യം -** ഏറ്റവും ഉയർന്ന ലക്ഷ്യം ഏതാണ്?
**ഉത്തരം -** ആത്മാവ് ജീവിച്ചിരിക്കെ മരിച്ച് ഒരു ബാബയുടേതായി മാറണം, വേറെ ആരുടെയും ഓർമ്മ വരരുത്, ദേഹാഭിമാനം തീർത്തും വിട്ടുപോകണം - ഇത് തന്നെയാണ് ഉയർന്ന ലക്ഷ്യം. നിരന്തരമായി ദേഹീ അഭിമാനി അവസ്ഥ ഉണ്ടാവണം - ഇതാണ് വലിയ ലക്ഷ്യം. ഇതിലൂടെ കർമ്മാതീത അവസ്ഥ പ്രാപ്തമാകും.

**ഗീതം -** അങ്ങ് സ്നേഹത്തിന്റെ സാഗരമാണ്.........

ഓം ശാന്തി. ഇപ്പോൾ ഈ ഗീതവും തെറ്റാണ്. സ്നേഹത്തിനുപകരം ,ജ്ഞാനത്തിന്റെ സാഗരൻ എന്നാണ് വേണ്ടത്. സ്നേഹത്തിന്റെ ഒരു പാത്രമൊന്നും ഉണ്ടാവുകയില്ല. ഗംഗാജലത്തിന്റെ പാത്രമാണ് ഉണ്ടാവുക. അത് ഭക്തി മാർഗ്ഗത്തിലെ മഹിമയാണ്. ഇത് തെറ്റാണ്, അതാണ് ശരി. ബാബ ആദ്യമാദ്യം ജ്ഞാനത്തിന്റെ സാഗരനാണ്. കുട്ടികളിൽ അൽപമെങ്കിലും ജ്ഞാനമുണ്ടെങ്കിൽ ഒരുപാട് ഉയർന്ന പദവി പ്രാപ്തമാകുന്നു. കുട്ടികൾക്കറിയാം ഇപ്പോൾ ഈ സമയം നമ്മൾ വാസ്തവത്തിൽ ചൈതന്യ ദിൽവാഡാ ക്ഷേത്രത്തിലെപ്പോലെയാണ്. അത് ജഢമായ ദിൽവാഡാ ക്ഷേത്രമാണ്, ഇത് ചൈതന്യത്തിലുള്ള ദിൽവാഡയാണ്. ഇതും അത്ഭുതം തന്നെയല്ലേ. എവിടെ ജഢമായ ഓർമ്മചിഹ്നമുണ്ടോ അവിടെ നിങ്ങൾ ചൈതന്യത്തിലുള്ളവർ വന്നിരിക്കുകയാണ്. പക്ഷെ മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. മുന്നോട്ട് പോകുമ്പോൾ മനസ്സിലാക്കും, ഇത് ഈശ്വരനാൽ സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ്, ഇവിടെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ഇതിലും വലിയ വിദ്യാലയം വേറെ ഉണ്ടാകുക സാധ്യമല്ല. ഒപ്പം ഇതും മനസ്സിലാക്കും, ഇത് വാസ്തവത്തിൽ ചൈതന്യ ദിൽവാഡാ ക്ഷേത്രമാണ്. ഈ ദിൽവാഡാ ക്ഷേത്രം നിങ്ങളുടെ കൃത്യമായ ഓർമ്മ ചിഹ്നമാണ്. മുകളിൽ സൂര്യവംശികളും ചന്ദ്രവംശികളുമുണ്ട്. താഴെ ആദി ദേവനും,ആദി ദേവിയും, കുട്ടികളുമാണ് ഇരിക്കുന്നത്. ഇദ്ദേഹത്തിന്റെ പേരാണ് ബ്രഹ്മാ, പിന്നെ സരസ്വതി, ബ്രഹ്മാവിന്റെ മകൾ. പ്രജാപിതാ ബ്രഹ്മാവിന് തീർച്ചയായും ഗോപ -ഗോപികമാരും ഉണ്ടായിരിക്കുമല്ലോ. അത് ജഢ ചിത്രമാണ്. ഏതാണോ കടന്നുപോയത് പിന്നീടതിന്റെ ചിത്രമുണ്ടാക്കിയിരിക്കുകയാണ്. ആരെങ്കിലും മരിക്കുമ്പോൾ ഉടൻ അവരുടെ ചിത്രമുണ്ടാക്കുന്നു, അവരുടെ പദവിയെയോ, ചരിത്രത്തെയോ അറിയുന്നില്ല. കർത്തവ്യത്തെക്കുറിച്ച് എഴുതുന്നില്ലായെങ്കിൽ ആ ചിത്രം കൊണ്ട് ഒരു പ്രയോജനവുമില്ല. അറിയാൻ സാധിക്കും, ഇന്നയാൾ ഈ കർത്തവ്യം ചെയ്തു. ഇപ്പോൾ ഈ ദേവതകളുടെ ക്ഷേത്രങ്ങളുണ്ട്, അവരുടെ കർത്തവ്യം, ജീവചരിത്രം ഇവയൊന്നും ആർക്കും അറിയില്ല. ഉയർന്നതിലും ഉയർന്ന ശിവബാബയെ ആരും അറിയുന്നില്ല. ഈ സമയം നിങ്ങൾ കുട്ടികൾ എല്ലാവരുടെയും ജീവചരിത്രത്തെക്കുറിച്ച് അറിയുന്നു. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. ശിവരാത്രിയും ആഘോഷിക്കുന്നുണ്ട്. അപ്പോൾ തീർച്ചയായും ശിവന്റെ അവതരണം ഉണ്ടായിട്ടുണ്ട്. പക്ഷെ എപ്പോഴാണ് ഉണ്ടായത്, ശിവൻ എന്താണ് ചെയ്തത് ഇത് ആർക്കും തന്നെ അറിയില്ല. ശിവനോടൊപ്പം ബ്രഹ്മാവുമുണ്ട്. ആദിദേവൻ അല്ലെങ്കിൽ ആദിദേവി ആരാണ്, അവർക്ക് ഇത്രയും കൈകൾ എന്തുകൊണ്ടാണ് നൽകിയിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ വർദ്ധിക്കുന്നുണ്ടല്ലോ. പ്രജാപിതാ ബ്രഹ്മാവിലൂടെ എത്ര വൃദ്ധിയാണ് ഉണ്ടാവുന്നത്. ബ്രഹ്മാവിനെക്കുറിച്ചുതന്നെയാണ് 100 കൈകൾ, 1000 കൈകളുള്ളവൻ എന്ന് പറയുന്നത്. വിഷ്ണു അഥവാ ശങ്കരന് ഇത്രയും കൈകളുണ്ടെന്ന് പറയില്ല. ബ്രഹ്മാവിനെക്കുറിച്ച് എന്തുകൊണ്ടാണ് പറയുന്നത്? ഇത് പ്രജാപിതാ ബ്രഹ്മാവിന്റെ തന്നെ മുഴുവൻ വംശാവലിയുമല്ലേ. ഇത് കൈകളുടെ കാര്യമൊന്നുമല്ല. അവർ പറയുന്നുണ്ട് 1000 കൈകളുള്ള ബ്രഹ്മാവ്, പക്ഷെ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി നോക്കൂ, ബ്രഹ്മാവിനെത്ര കൈകളാണ്. ഇതാണ് പരിധിയില്ലാത്ത കൈകൾ. പ്രജാപിതാ ബ്രഹ്മാവിനെ എല്ലാവരും അംഗീകരിക്കുന്നുണ്ട് പക്ഷെ കർത്തവ്യത്തെക്കുറിച്ച് അറിയില്ല. ആത്മാവിന് കൈകളില്ല. ശരീരത്തിനാണ് കൈകളുള്ളത്. ഇത്രയും കോടിക്കണക്കിന് സഹോദരന്മാരാണുള്ളതെങ്കിൽ അവരുടെയെല്ലാം കൈകളെത്രയായി? പക്ഷെ ആദ്യം ആരെങ്കിലും പൂർണ്ണമായ രീതിയിൽ ജ്ഞാനത്തെ മനസ്സിലാക്കിയ ശേഷം വേണം ഈ കാര്യങ്ങളെല്ലാം കേൾപ്പിക്കാൻ. ആദ്യമാദ്യം മുഖ്യമായ കാര്യമിതാണ്, ബാബ പറയുന്നു - എന്നെ ഓർമ്മിക്കൂ, ഒപ്പം സമ്പത്തിനെയും ഓർമ്മിക്കൂ. പിന്നീട്

ജ്ഞാനത്തിന്റെ സാഗരനെന്നും മഹിമ പാടിയിട്ടുണ്ട്. എത്ര അളവറ്റ പോയിന്റുകളാണ് കേൾപ്പിക്കുന്നത്. ഇത്രയധികം പോയിന്റുകളൊന്നും ഓർമ്മിച്ചുവെക്കാൻ സാധിക്കില്ല. സാരം ബുദ്ധിയിൽ അവശേഷിക്കും. അവസാനം സാരമായി മാറുന്നത് മന്മനാഭവയാണ്.

കൃഷ്ണനെ ജ്ഞാനത്തിന്റെ സാഗരനെന്ന് പറയില്ല. കൃഷ്ണൻ രചനയാണ്, രചയിതാവ് ഒരേയൊരു ബാബയും. ബാബ തന്നെയാണ് എല്ലാവർക്കും സമ്പത്ത് നൽകുന്നത്, വീട്ടിലേക്ക് കൊണ്ടു പോകുന്നത്. ബാബയുടെ അഥവാ ആത്മാക്കളുടെ വീടാണ് ശാന്തി ധാമം. വിഷ്ണുപുരിയെ ബാബയുടെ വീടെന്ന് പറയില്ല. എവിടെയാണോ ആത്മാക്കൾ വസിക്കുന്നത് ആ വീടാണ് മൂലവതനം, ഈ എല്ലാ കാര്യങ്ങളും വിവേകശാലികളായ കുട്ടികൾ തന്നെയാണ് ധാരണ ചെയ്യുന്നത്. ഇത്രയും ജ്ഞാനവും ആരുടെ ബുദ്ധിയിലും ഓർമ്മ നിൽക്കുക സാധ്യമല്ല. ഇത്രയുമൊന്നും എഴുതാനും സാധിക്കില്ല.എല്ലാവരുടെയും ഈ മുരളികളെല്ലാം ഒന്നിച്ച് വെക്കുകയാണെങ്കിൽ പോലും ഈ മുഴുവൻ ഹാളിനെക്കാളും കൂടുതലായിരിക്കും. മറ്റു പഠിപ്പിലും എത്രയധികം പുസ്തകങ്ങളാണ്. പരീക്ഷ പാസായിയെങ്കിൽ സാരം ബുദ്ധിയിലിരിക്കും. വക്കീൽ പരീക്ഷ പാസായി, ഒരു ജന്മത്തേക്ക് അൽപകാലത്തെ സുഖം പ്രാപ്തമാക്കുന്നു. അതാണ് വിനാശി സമ്പാദ്യം. ഈ ബാബ നിങ്ങളെക്കൊണ്ട് ഭാവിയിലേക്ക് വേണ്ടി അവിനാശി സമ്പാദ്യം ഉണ്ടാക്കിക്കുന്നു. ബാക്കി ഏതെല്ലാം ഗുരുക്കന്മാരും,സന്യാസിമാരുമുണ്ടോ അവരെല്ലാം വിനാശി സമ്പാദ്യമാണ് ഉണ്ടാക്കിക്കുന്നത്.വിനാശത്തിന്റെ അടുത്തേക്ക് വന്നുകൊണ്ടിരിക്കുന്നു, സമ്പാദ്യം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. നിങ്ങൾ പറയും, സമ്പാദ്യം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷെ ഇല്ല. ഇതെല്ലാം അവസാനിക്കാൻ പോകുന്നതാണ്. മുമ്പ് രാജാക്കന്മാർ മുതലായവരുടെ സമ്പാദ്യം ഉണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ അതുമില്ല. നിങ്ങളുടെ സമ്പാദ്യമാണെങ്കിൽ എത്ര കാലത്തേക്കുണ്ടാകുന്നു. നിങ്ങൾക്കറിയാം ഇത് ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. നിങ്ങളിൽ പോലും ധാരണയുണ്ടാകുന്നവർ നമ്പർവൈസാണ്. പലരും ഒട്ടും മനസ്സിലാക്കുന്നില്ല. പലരും പറയുന്നുണ്ട് ഞങ്ങൾ മിത്ര സംബന്ധികൾക്കെല്ലാം മനസ്സിലാക്കികൊടുക്കുന്നുണ്ട് അതുപോലും അൽപകാലത്തിന്റേതായില്ലേ. മറ്റുള്ളവർക്ക് പ്രദർശിനികളിലെല്ലാം എന്തുകൊണ്ടാണ് മനസ്സിലാക്കി കൊടുക്കാത്തത്? പൂർണ്ണമായി ധാരണയില്ല. ഞാൻ കേമനാണ് എന്ന് കരുതരുത്. സേവനത്തിൽ താല്പര്യമുണ്ടെങ്കിൽ, ആരാണോ നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്നത് അവരിൽ നിന്നും കേൾക്കണം. ബാബ ഉയർന്ന പദവി പ്രാപ്തമാക്കിത്തരാൻ വന്നിരിക്കുകയാണെങ്കിൽ പുരുഷാർത്ഥം ചെയ്യണമല്ലോ. പക്ഷെ ഭാഗ്യത്തിലില്ലായെങ്കിൽ ശ്രീമതത്തിനെപ്പോലും അംഗീകരിക്കുകയില്ല. പിന്നീട് പദവിയും ഭ്രഷ്ടമാകുന്നു. ഡ്രാമാ പ്ലാനനുസരിച്ച് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ എല്ലാ പ്രകാരത്തിലുമുള്ളവരും വേണമല്ലോ. കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും. ചിലർ നല്ല പ്രജയാകാകുകയും,ചിലർ താഴെയുള്ളവരാകാൻ പോകുന്നവരുമാണ്. ബാബ പറയുന്നു, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. ദിൽവാഡ ക്ഷേത്രത്തിൽ രാജാക്കന്മാരുടെ ചിത്രമുണ്ടല്ലോ. ആരാണോ പൂജ്യരായി മാറുന്നത് അവർ തന്നെയാണ് പിന്നീട് പൂജാരിയായി മാറുന്നത്. രാജാവിന്റെയും, റാണിയുടെയും പദവി ഉയർന്നതല്ലേ. പിന്നീട് വാമമാർഗ്ഗത്തിലേക്ക് വരുന്നു അപ്പോഴും രാജ്യവും വലിയ വലിയ ധനവാന്മാരുമുണ്ട്. ജഗന്നാഥക്ഷേത്രത്തിൽ എല്ലാവർക്കും കിരീടം കാണിച്ചിട്ടുണ്ട്. പ്രജകൾക്ക് കിരീടം ഉണ്ടായിരിക്കില്ല. കിരീടമുള്ള രാജാക്കന്മാർ പോലും വികാരിയായി. സുഖവും, സമ്പത്തും അവർക്ക് ഒരുപാടുണ്ടായിരിക്കും. സമ്പത്ത് കുറവും, കൂടുതലുമുണ്ടായിരിക്കും. വജ്രത്തിന്റെ കൊട്ടാരങ്ങളിലും, വെള്ളിയുടെ കൊട്ടാരങ്ങളിലും വ്യത്യാസമുണ്ടായിരിക്കും. അതിനാൽ ബാബ കുട്ടികളോട് പറയും ,നല്ല പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കൂ. രാജാക്കന്മാർക്ക് സുഖം കൂടുതലായിരിക്കും. അവിടെ(സത്യയുഗം) എല്ലാവരും സുഖികളായിരിക്കും. ഇവിടെ എല്ലാവർക്കും ദുഃഖമാണ്, രോഗമെല്ലാം എല്ലാവർക്കും ഉണ്ടായിരിക്കുക തന്നെ ചെയ്യും. സത്യയുഗത്തിൽ സുഖം തന്നെ സുഖമാണ്. പദവിയും, നമ്പർവൈസാണ്. ബാബ സദാ പറയുന്നു പുരുഷാർത്ഥം ചെയ്തുകൊണ്ടേയിരിക്കൂ. അലസരായി മാറാതിരിക്കൂ. ഡ്രാമയനുസരിച്ച് ഇവരുടെ സദ്ഗതി ഇതുപോലെ ഇത്ര തന്നെയേ ഉണ്ടാകൂ എന്ന് പുരുഷാർത്ഥത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും.

തന്റെ സദ്ഗതിക്കുവേണ്ടി ശ്രീമതപ്രകാരം നടക്കണം. ടീച്ചറിന്റെ നിർദ്ദേശമനുസരിച്ച് വിദ്യാർത്ഥികൾ നടക്കുന്നില്ലായെങ്കിൽ ഒരു പ്രയോജനവുമുണ്ടാകില്ല.എല്ലാവരും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണല്ലോ . അഥവാ ചിലർ പറയുകയാണ് ,ഞങ്ങൾക്കിത് ചെയ്യാൻ സാധിക്കില്ലായെങ്കിൽ ബാക്കി എന്ത് പഠിക്കും. പഠിച്ച് സമർത്ഥനായി മാറണം, ഇവർ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കുന്നുണ്ട് എന്ന് ആരെങ്കിലും പറഞ്ഞാലും ശരി, ആത്മാവ് ജീവിച്ചിരിക്കെ മരിച്ച് ഒരു ബാബയുടേതായി മാറണം, വേറെ ആരുടെയും ഓർമ്മ വരരുത്, ദേഹാഭിമാനം ഇല്ലാതാക്കണം – ഇതാണ് ഉയർന്ന ലക്ഷ്യം. എല്ലാം മറക്കണം. പൂർണ്ണമായും ദേഹീ – അഭിമാനി അവസ്ഥ ഉണ്ടാക്കണം – ഇതാണ് വലിയ ലക്ഷ്യം. അവിടെ ആത്മാക്കൾ അശരീരിയാണ് ,പിന്നീട് ഇവിടെ വന്ന് ശരീരം ധാരണ ചെയ്യുന്നു. ഇപ്പോൾ വീണ്ടും ഇവിടെ

ഈ ശരീരത്തിലിരുന്നുകൊണ്ടും സ്വയം അശരീരിയാണെന്ന് മനസ്സിലാക്കണം. ഈ പരിശ്രമം വളരെ വലുതാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി കർമ്മാതീതഅവസ്ഥയിലിരിക്കണം. സർപ്പത്തിനും ബുദ്ധിയുണ്ടല്ലോ-പഴയ തോൽ ഉപേക്ഷിക്കുന്നു. അതിനാൽ നിങ്ങൾക്ക് ദേഹാഭിമാനത്തിൽ നിന്നും എത്ര മാറണം. മൂലവതനത്തിൽ നിങ്ങൾ ദേഹീ അഭിമാനി തന്നെയായിരിക്കും. ഇവിടെ ദേഹത്തിലിരുന്നുകൊണ്ടും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. ദേഹാഭിമാനം ഇല്ലാതാക്കണം. എത്ര വലിയ പരീക്ഷയാണ്. ഭഗവാന് സ്വയം വന്ന് പഠിപ്പിക്കേണ്ടി വന്നു. ഇതങ്ങിനെ ഒരാൾക്കും പറയാൻ സാധിക്കില്ല, ദേഹത്തിന്റെ എല്ലാ സംബന്ധത്തെയും ഉപേക്ഷിച്ച് എന്റേതായി മാറൂ, സ്വയത്തെ നിരാകാര ആത്മാവാണെന്ന് മനസ്സിലാക്കൂ ... ഒരു വസ്തുവിലും ആകർഷണം വെക്കരുത്. മായ പരസ്പരം ശരീരത്തിൽ വല്ലാതെ കുടുക്കിക്കളയുന്നു അതുകൊണ്ട് ബാബ പറയുന്നു, ഈ സാകാരത്തെപ്പോലും ഓർമ്മിക്കരുത്. ബാബ പറയുന്നു നിങ്ങൾക്ക് നിങ്ങളുടെ ഈ ദേഹത്തെപ്പോലും മറക്കണം, ഒരു ബാബയെ ഓർമ്മിക്കണം. ഇതിലാണ് പരിശ്രമം. മായ നല്ല നല്ല കുട്ടികളെപ്പോലും നാമ രൂപത്തിൽ തൂക്കിയിടുന്നു. ഈ ശീലം വളരെ മോശമാണ്. ശരീരത്തെ ഓർമ്മിക്കുക - ഇത് ഭൂതങ്ങളുടെ ഓർമ്മയാണ്. ഞാൻ പറയുന്നു, ഒരു ശിവബാബയെ ഓർമ്മിക്കൂ. നിങ്ങൾ പിന്നെ 5 ഭൂതങ്ങളെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ശരീരത്തോട് ഒട്ടും സ്നേഹം ഉണ്ടാവരുത്. ബ്രാഹ്മണിയിൽ നിന്ന് പഠിക്കണം, പക്ഷെ അവരുടെ നാമ രൂപത്തിൽ കുടുങ്ങരുത്. ദേഹീ അഭിമാനിയാകുന്നതിൽ തന്നെയാണ് പരിശ്രമം. ഒരുപാട് കുട്ടികൾ ബാബക്ക് ചാർട്ട് അയക്കുന്നുണ്ട്, പക്ഷെ ബാബ അതിൽ വിശ്വാസം വെക്കുന്നില്ല. ചിലർ പറയുന്നു, ഞങ്ങൾ ശിവബാബയല്ലാതെ വേറെ ആരെയും ഓർമ്മിക്കുന്നില്ല, പക്ഷെ ബാബക്കറിയാം- അൽപം പോലും ഓർമ്മിക്കുന്നില്ല. ഓർമ്മിക്കുന്നതിൽത്തന്നെയാണ് പരിശ്രമം. എവിടെയെങ്കിലുമൊക്കെ കുടുങ്ങിപ്പോകുന്നു. ദേഹധാരിയെ ഓർമ്മിക്കുന്നത് അഞ്ച് ഭൂതങ്ങളെ ഓർമ്മിക്കുന്നതുപോലെയാണ്. ഇതിനെ ഭൂതപൂജയെന്ന് പറയുന്നു. ഭൂതത്തെ ഓർമ്മിക്കുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് ഒരു ശിവബാബയെയാണ് ഓർമ്മിക്കേണ്ടത്. പൂജയുടെയൊന്നും കാര്യമില്ല. ഭക്തിയുടെ പേരും, അടയാളവും ഇല്ലാതാകുന്നു പിന്നെ ചിത്രത്തെ എന്തിന് ഓർമ്മിക്കണം. അതെല്ലാം മണ്ണ് കൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ബാബ പറയുന്നു ഇതെല്ലാം തന്നെ ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും നിങ്ങളെ പൂജാരിയിൽ നിന്നും പൂജ്യനാക്കി മാറ്റുന്നു. ഒരു ബാബയെയല്ലാതെ വേറൊരു ശരീരത്തെയും ഓർമ്മിക്കരുത്. ആത്മാവ് എപ്പോഴാണോ പാവനമായി മാറുക അപ്പോൾ ശരീരവും പാവനമായത് ലഭിക്കും. ഇപ്പോഴാണെങ്കിൽ ഈ ശരീരം പാവനമല്ല. ആദ്യം ആത്മാവ് എപ്പോഴാണോ സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോയിൽ വരുന്നത് അപ്പോൾ ശരീരവും അതിനനുസരിച്ച് ലഭിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ആത്മാവ് പാവനമായി മാറും എന്നാൽ ശരീരം ഇപ്പോൾ പാവനമായിട്ടില്ല. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഈ പോയിന്റുകളും നിങ്ങളുടെ ബുദ്ധിയിൽ ഇരിക്കണം അത് നല്ല രീതിയിൽ മനസ്സിലാക്കി, മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കണം. ആത്മാവിന് സതോപ്രധാനമായി മാറണം. ബാബയെ ഓർമ്മിക്കുന്നതിൽത്തന്നെയാണ് വലിയ പരിശ്രമമുള്ളത്. പലർക്കും അൽപം പോലും ഓർമ്മ നില നിൽക്കുന്നില്ല. പദവിയോടെ പാസാകുന്നതിന് വേണ്ടി ബുദ്ധിയോഗം അൽപം പോലും എവിടെയും കുടുക്കരുത്. ഒരു ബാബയുടെ മാത്രം ഓർമ്മയിലിരിക്കൂ. പക്ഷെ കുട്ടികളുടെ ബുദ്ധിയോഗം അലഞ്ഞുകൊണ്ടിരിക്കുകയാണ്. എത്രത്തോളം അനേകരെ തനിക്കു സമാനമാക്കി മാറ്റുന്നുവോ അത്രത്തോളം പദവിയും ലഭിക്കും. ദേഹത്തെ ഓർമ്മിക്കുന്നവർക്ക് ഒരിക്കലും ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഇവിടെയാണെങ്കിൽ പദവിയോടെ പാസാകണം. പരിശ്രമിക്കാതെ ഈ പദവി എങ്ങിനെ ലഭിക്കും! ദേഹത്തെ ഓർമ്മിക്കുന്നവർക്ക് ഒരു പുരുഷാർത്ഥവും ചെയ്യാൻ സാധിക്കില്ല. ബാബ പറയുന്നു, പുരുഷാർത്ഥം ചെയ്യുന്നവരെ ഫോളോ ചെയ്യൂ... ഇദ്ദേഹവും പുരുഷാർത്ഥിയാണല്ലോ.

ഇത് വളരെ വിചിത്രമായ ജ്ഞാനമാണ്. ലോകത്തിലാർക്കും തന്നെ അറിയില്ല. ആത്മാവിന് മാറ്റം ഉണ്ടാകുന്നതെങ്ങനെയാണെന്ന് ആരുടെ ബുദ്ധിയിലും ഇരിക്കുന്നില്ല. ഇത് മുഴുവൻ ഗുപ്തമായ പരിശ്രമമാണ്. ബാബയും ഗുപ്തമാണ്. നിങ്ങൾ രാജ്യഭാഗ്യം നേടുന്നതെങ്ങനെയാണ്, യുദ്ധവും വഴക്കും ഒന്നും തന്നെയില്ല. ജ്ഞാനത്തിന്റെയും യോഗത്തിന്റെയും കാര്യമാണ്. നമ്മൾ ആരോടും യുദ്ധം ചെയ്യുന്നില്ല. ആത്മാവിനെ പാവനമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള പരിശ്രമമാണ് ചെയ്യുന്നത്. ആത്മാവ് ഇങ്ങനെയിങ്ങനെ പതിതമായി പോകുന്നു അപ്പോൾ ശരീരവും പതിതമാകുന്നു പിന്നീട് ആത്മാവിന് പാവനമായി പോകണം, വളരെയധികം പരിശ്രമമുണ്ട്. ആരെല്ലാം പുരുഷാർത്ഥം ചെയ്യുന്നുണ്ട്..എന്ന് ബാബക്ക് അറിയാൻ കഴിയുന്നുണ്ട്. ഇത് ശിവബാബയുടെ ഭണ്ഡാരയാണ്. ശിവബാബയുടെ ഭണ്ഡാരയിലാണ് നിങ്ങൾ സർവ്വീസ് ചെയ്യുന്നത്. സർവ്വീസ് ചെയ്യുന്നില്ലായെങ്കിൽ കുറഞ്ഞ പദവി ലഭിക്കും. ബാബയുടെയടുത്ത് സർവ്വീസ് ചെയ്യുന്നതിനാണ് വന്നത് പിന്നെ സർവ്വീസ് ചെയ്യുന്നില്ലായെങ്കിൽ എന്ത് പദവി ലഭിക്കും! ഈ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്, ഇതിൽ ദാസൻ- ദാസി മുതലായവർ ഉണ്ടാകണമല്ലോ.

ഇപ്പോൾ നിങ്ങൾ രാവണനിൽ വിജയം നേടി, ബാക്കി ഒരു യുദ്ധമൊന്നുമില്ല. ഇത് മനസ്സിലാക്കിക്കൊടുക്കണം, എത്ര ഗുപ്തമായ കാര്യമാണ്. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തി പദവി നേടുന്നു. നിങ്ങൾക്കറിയാം നമ്മൾ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത വീടിന്റെ ഓർമ്മ മാത്രമാണ് ഉണ്ടാവേണ്ടത്. ഇവിടെ നമ്മൾ പാർട്ടഭിനയിക്കാൻ വന്നിരിക്കുകയാണ് പിന്നീട് തന്റെ വീട്ടിലേയ്ക്ക് പോകുന്നു. ആത്മാവ് എങ്ങനെയാണ് പോകുന്നത് ഇത് ആർക്കും അറിയില്ല. ഡ്രാമാപ്ലാനനുസരിച്ച് ആത്മാക്കൾക്ക് വരിക തന്നെ വേണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും,പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം

1. ഒരു ദേഹധാരിയുമായും അടുപ്പം വെക്കരുത്. ശരീരത്തെ ഓർമ്മിക്കുന്നത് ഭൂതങ്ങളെ ഓർമ്മിക്കുകയാണ്, അതുകൊണ്ട് ആരുടെയും നാമ രൂപത്തിൽ കുടുങ്ങരുത്. തന്റെ ശരീരത്തെപ്പോലും മറക്കണം.

2. ഭാവിയിലേക്കുവേണ്ടി അവിനാശി സമ്പത്ത് ശേഖരിക്കണം. വിവേകശാലികളായി മാറി ജ്ഞാനത്തിന്റെ പോയിന്റുകളെ ബുദ്ധിയിൽ ധാരണ ചെയ്യണം. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അത് മനസ്സിലാക്കി മറ്റുള്ളവരെയും കേൾപ്പിക്കണം.

## വരദാനം–കൽപകൽപത്തെ വിജയിയാണ് എന്ന സ്മൃതിയുടെ ആധാരത്തിലൂടെ മായയാകുന്ന ശത്രുവിനെ ആഹ്വാനം ചെയ്യുന്ന മഹാവീരനും വിജയിയുമായി ഭവിക്കട്ടെ.

മഹാവീരൻമാരായ വിജയി കുട്ടികൾ പരീക്ഷകളെക്കണ്ട് പരിഭ്രമിക്കുകയില്ല.എന്തെന്നാൽ ത്രികാലദർശികളായതുകാരണം, നമ്മൾ കൽപകൽപത്തെ വിജയികളാണ് എന്ന് അവർക്കറിയാം.അവർ,ബാബാ എന്റെ അടുത്തേക്ക് മായയെ അയക്കരുതേ. കൃപ കാണിക്കൂ.. ആശീർവാദം നൽകൂ..ശക്തി തരൂ.. എന്തുചെയ്യും.. എന്തെങ്കിലുമൊരു വഴി പറഞ്ഞുതരൂ... എന്നൊന്നും പറയില്ല.ഇങ്ങിനെയൊക്കെ പറയുന്നതും ദുർബലതകളാണ്. മഹാവീരൻമാർ ശത്രുക്കളെ ആഹ്വാനം ചെയ്യും, വരൂ.. ഞങ്ങൾ വിജയികളാകട്ടെ... എന്നുപറഞ്ഞ് വിളിക്കും.

### സ്ലോഗൻ: സമയത്തിന്റെ സൂചനയാണ് ,സമാനമാകൂ,സമ്പന്നമാകൂ...

**അവ്യക്തസൂചന–ഏകാന്തപ്രിയരാകൂ,ഏകതയെയും ഏകാഗ്രതയെയും സ്വന്തമാക്കൂ..**
ഏത് സിദ്ധി പ്രാപ്തമാക്കണമെങ്കിലും ഏകാന്തതയും, ഏകാഗ്രതയുമെന്ന വിധികളെയാണ് സ്വീകരിക്കാറുള്ളത്. താങ്കളുടെ ഓർമ്മച്ചിഹ്നങ്ങളായ ചിത്രങ്ങളിലൂടെ സിദ്ധികൾ പ്രാപ്തമാക്കുന്നവർ രണ്ടുകാര്യങ്ങളെ ഇതിനായി പിൻതുടരാറുണ്ട്. അവയാണ് ഏകാന്തവാസിയാകുകയും, ഏകാഗ്രതയും.ഈ മാർഗ്ഗത്തെ താങ്കളും സാകാരത്തിൽ സ്വീകരിക്കൂ. ഏകാഗ്രത കുറവാകുന്നതുകൊണ്ടുതന്നെയാണ് ദൃഢനിശ്ചയത്തിൽ കുറവുണ്ടാകുന്നത്. ഏകാന്തവാസിയാകുന്നതിൽ കുറവുണ്ടാകുന്നതുകൊണ്ടുതന്നെയാണ് സാധാരണ സങ്കൽപങ്ങളാകുന്ന വിത്തിനെ ദുർബലമാക്കി മാറ്റുന്നത്. അതിനാൽ ഈ മാർഗ്ഗം സ്വീകരിച്ച് സിദ്ധിസ്വരൂപമായി മാറൂ...